ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.05.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലോക് സഭാ തിരഞ്ഞെടുപ്പിൻറെ മൂന്നാംഘട്ടത്തിൽ 10 സംസ്ഥാനങ്ങളിലും 2 കേന്ദ്രഭരണ പ്രദേശങ്ങളിലും മറ്റെന്നാൾ വോട്ടെടുപ്പ്. പരസ്യ പ്രചാരണം അവസാനിച്ചു.

   **Voting in the third phase of the Lok Sabha elections will be held on day after tomorrow in 10 states and 2 Union Territories. Campaigning for elections ends this evening.**

2. രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയ നേരിൽകണ്ട് മനസിലാക്കാൻ ഡൽഹിയിലെത്തിയ അന്താരാഷ്ട്ര പ്രതിനിധികളുമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ കൂടിക്കാഴ്ച നടത്തി.

   **The Chief Election Commissioner addresses the international delegations who came to Delhi to understand the election process in the country.**

3. കീടനാശിനി ഉപയോഗത്തിൽ ലോകത്തിലെ ഏറ്റവും കർശനമായ മാനദണ്ഡങ്ങൾ നിലനിൽക്കുന്ന രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്ര സർക്കാർ.

   **Centre says, India has one of most stringent standards in the world for Maximum Residue Limits for food items.**

4. ജമ്മുകശ്മീരിൽ സൈന്യത്തിൻറെ വാഹന വ്യൂഹത്തിന് നേരെയുണ്ടായ ആക്രമണവുമായി ബന്ധപ്പെട്ട് ആറ് പേരെ സുരക്ഷാ സേന കസ്റ്റഡിയിലെടുത്തു.

**Security forces detain six suspects for questioning in connection with attack on Indian Air Force convoy in Poonch district of Jammu and Kashmir.**

5. കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് കേരളത്തിൻറെ വിവിധ തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷം.

**Severe sea erosion in various coastal areas of Kerala Due to sea swell phenomenon.**

6. ഐപിഎൽ ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനെതിരെ ചെന്നൈ സൂപ്പർ കിംഗ്സിന് 28 റൺ ജയം. രണ്ടാം മത്സരത്തിൽ ലക്നൗ സൂപ്പർ ജെയൻറ്സ്-കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.

**Chennai Super Kings won by 28 runs against Punjab Kings in IPL cricket. Second match is between Lucknow Supergiants & Kolkata Knight Riders.**

**&&&&&&&&&&&&&**

## PRESIDENT HP VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഹിമാചൽ പ്രദേശ് സന്ദർശനം പുരോഗമിക്കുന്നു. ഇന്ന് ഷിംലയിലെ രാഷ്ട്രപതി നിവാസിൽ മുൻ രാഷ്ട്രപതി ഗ്യാനി സെയിൽ സിംഗിന് ശ്രീമതി മുർമു ശ്രദ്ധാഞ്ജലി അർപ്പിച്ചു. നാളെ, ധരംശാല കേന്ദ്ര സർവകലാശാലയിലെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും. മറ്റന്നാൾ ഷിംലയിലെ ചരിത്രപ്രസിദ്ധമായ ഗെയ്റ്റി തിയേറ്ററിൽ നടക്കുന്ന സാംസ്കാരിക പരിപാടിയിലും ശ്രീമതി മുർമു സംബന്ധിക്കും.

**&&&&&&&&&&&&&**

## HEADLINE 2

## CEC-DELEGATES

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ ലോക്സഭാ തിരഞ്ഞെടുപ്പ് പ്രക്രിയ നേരിൽകണ്ട് മനസിലാക്കാൻ എത്തിയ അന്താരാഷ്ട്ര പ്രതിനിധികളുമായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. 23 രാജ്യങ്ങളിൽ നിന്നുള്ള 75 അന്താരാഷ്ട്ര സന്ദർശകരോട് അദ്ദേഹം രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയ വിശദീകരിച്ചു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ പ്രത്യേക ക്ഷണപ്രകാരം ഇന്നലെയാണ് പ്രതിനിധിസംഘം എത്തിയത്. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണാടക, മധ്യപ്രദേശ്, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ മണ്ഡലങ്ങൾ സന്ദർശിക്കുന്ന സംഘം ഈ മാസം 9-ന് തിരികെ പോകും.

&&&&&&&&&&&&&

## HEADLINE 1

## THIRD PHASE -INTRO

മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം അവസാനിച്ചു. 10 സംസ്ഥാനങ്ങളിലെ 93 മണ്ഡലങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ദാദ്ര നഗർ ഹവേലിയിലും ദാമൻ ദിയുവിലുമാണ് മൂന്നാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. കർണാടകയിലെ അവശേഷിക്കുന്ന 14 സീറ്റുകൾക്കൊപ്പം, മഹാരാഷ്ട്രയിലെ 11, ഉത്തർപ്രദേശിലെ 10, മധ്യപ്രദേശിലെ എട്ട്, ഛത്തീസ്ഗഢിലെ ഏഴ് സീറ്റുകളിലേക്കും മറ്റന്നാൾ വോട്ടെടുപ്പ് നടക്കും.

വിശദാംശങ്ങളിലേയ്ക്ക്....

(വോയിസ്)

## THIRD PHASE - VOICE

തിരക്കിട്ട പരിപാടികളുമായാണ് രാഷ്ട്രീയ പാർട്ടികൾ മൂന്നാംഘട്ട തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ അവസാന ദിനമായ ഇന്ന് രംഗത്തിറങ്ങിയത്. ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഉത്തർ പ്രദേശിലെ ഇറ്റാവ, ധോഹ്റ മണ്ഡലങ്ങളിലെ റാലികളെ അഭിസംബോധന ചെയ്യു. ബിജെപി മുതിർന്ന നേതാവും ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയുമായ പുഷ്കർ സിംഗ് ധാമി ബദായൂൺ ജില്ലയിൽ പ്രചാരണത്തിനെത്തി. കോൺഗ്രസിന്റെ മുതിർന്ന നേതാവ് അവിനാശ് പാണ്ഡെ കൗശുംബി മണ്ഡലത്തിൽ റാലിയിൽ പങ്കെടുത്തു. ബിജെപി മുതിർന്ന നേതാവും അസം മുഖ്യമന്ത്രിയുമായ ഹിമന്ത ബിസ്വ സർമ, കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ ഭൂപെൻ കുമാർ ബോറ, അസം ഗണ പരിഷദ് അധ്യക്ഷൻ അതുൽ ബോറ തുടങ്ങിയവർ ഇന്ന് പ്രചാരണ രംഗത്ത് സജീവമായിരുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&

## FOURTH PHASE

ഈ മാസം 13 ന് നാലാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ആന്ധ്രാപ്രദേശ്, തെലങ്കാന, ബിഹാർ, മധ്യപ്രദേശ് തുടങ്ങിയ ഒൻപത് സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും ഉൾപ്പടെ 96 മണ്ഡലങ്ങളിലാണ് നാലാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. രാഷ്ട്രീയ കക്ഷികളുടെ ദേശീയ നേതാക്കളുടെയും താരപ്രചാരകരുടെയും നേതൃത്വത്തിൽ മണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളും സജീവമായി തുടരുകയാണ്.

&&&&&&&&&&&&&

## ELECTION FIFTH PHASE

അഞ്ചാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ നടന്നു. ബിഹാർ, ഝാർഖണ്ഡ്, മഹാരാഷ്ട്ര, ഒഡീഷ, ഉത്തർ പ്രദേശ്, പശ്ചിമ ബംഗാൾ, ജമ്മു കശ്മീർ, ലഡാക് എന്നിവിടങ്ങളിലെ 49 മണ്ഡലങ്ങളാണ് അഞ്ചാം ഘട്ടത്തിൽ വിധിയെഴുതുന്നത്. ഈ മാസം 20 നാണ് അഞ്ചാംഘട്ട വോട്ടെടുപ്പ്.

&&&&&&&&&&&&&

## HEADLINE 3
## FSSAI PRESTICIDES

കീടനാശിനികൾ ഉപയോഗിക്കുന്നതിന് ലോകത്തിലെ ഏറ്റവും കർശനമായ മാനദണ്ഡങ്ങൾ നിലനിൽക്കുന്ന രാജ്യമാണ് ഇന്ത്യയെന്ന് കേന്ദ്ര സർക്കാർ. അപകടസാധ്യത അടിസ്ഥാനമാക്കി കീടനാശിനികളുടെ എം.ആർ.എൽ വ്യത്യസ്തമായി നിശ്ചയിച്ചിട്ടുണ്ടെന്നും കേന്ദ്രം വ്യക്തമാക്കി. Food Safety and Standards Authority of India ഔഷധസസ്യങ്ങളിലും സുഗന്ധവ്യഞ്ജനങ്ങളിലും 10 മടങ്ങ് കീടനാശിനി അവശിഷ്ടങ്ങൾ അനുവദിക്കുന്നു എന്ന തരത്തിൽ വാർത്തകൾ പുറത്ത് വന്നതിനെ തുടർന്നാണ് FSSAI ഇക്കാര്യത്തിൽ വ്യക്തത വരുത്തിയത്. കേന്ദ്ര കീടനാശിനി ബോർഡും രജിസ്ട്രേഷൻ കമ്മിറ്റിയും രജിസ്റ്റർ ചെയ്ത മൊത്തം കീടനാശിനികളുടെ എണ്ണം 295-ലധികമാണ്. ഇതിൽ 139 കീടനാശിനികൾ സുഗന്ധവ്യഞ്ജനങ്ങളിൽ ഉപയോഗിക്കുന്നതിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&

## HEADLINE 4

## IAF-POONCH

ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിൽ വ്യോമസേനാ വാഹനങ്ങൾക്ക് നേരെയുണ്ടായ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച സൈനികൻറെ കുടുംബത്തെ അനുശോചനം അറിയിച്ച് വ്യോമസേന. രാഷ്ട്ര സേവനത്തിനിടെ ജീവത്യാഗം ചെയ്ത സൈനികൻ വിക്കി പഹാഡെയെ അഭിവാദ്യം ചെയ്യുന്നതായി വ്യോമസേന സമൂഹമാധ്യമത്തിൽ കുറിച്ചു. അതേസമയം, ആക്രമണത്തിൽ ഭീകരരെ സഹായിച്ചതായി കരുതുന്ന 6 പ്രദേശവാസികളെ ചോദ്യം ചെയ്യാനായി കസ്റ്റഡിയിലെടുത്തു. ഇന്നലെ വൈകിട്ടുണ്ടായ ഭീകരാക്രമണത്തിൽ അഞ്ച് സൈനികർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു, ഒരാളുടെ നില ഗുരുതരമാണ്.

&&&&&&&&&&&&&&

## EAM-US PRESIDENT

ഇന്ത്യയുൾപ്പെടെയുള്ള ചില രാജ്യങ്ങൾ വിദേശ വിദ്വേഷം വെച്ച് പുലർത്തുന്നുവെന്ന യു.എസ്. പ്രസിഡൻറ് ജോ ബൈഡൻറെ പ്രസ്താവനയോട് പ്രതികരിച്ച് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ലോകചരിത്രം പരിശോധിച്ചാൽ ഇന്ത്യയുടേത് തുറന്ന സമീപനമാണെന്നും വ്യത്യസ്ത സമൂഹങ്ങളിൽ നിന്നുള്ളവരെ ഇന്ത്യ എല്ലായ്പ്പോഴും സ്വാഗതം ചെയ്തിട്ടുണ്ടെന്നും ശ്രീ ജയശങ്കർ പറഞ്ഞു. ഇന്ത്യയുടെ സമ്പദ്ഘടനാ തകരുകയാണെന്ന ബൈഡൻറെ പ്രസ്താവനയോടും കേന്ദ്ര വിദേശകാര്യ മന്ത്രി പ്രതികരിച്ചു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് നിലവിൽ പ്രശ്നങ്ങൾ ഒന്നും തന്നെയില്ലെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&

## HEADLINE 6

## IPL CRICKET

ഐ പി എല്ലിൽ ഇന്ന് നടന്ന ആദ്യ മത്സരത്തിൽ പഞ്ചാബ് കിംഗ്സിനെതിരെ ചെന്നൈ സൂപ്പർ കിംഗ്സിന് 28 റൺ ജയം. ധരംശാല ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ചെന്നൈ നിശ്ചിത ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 167 റൺ എടുത്തു. 168 റൺ വിജയലക്ഷ്യം പിന്തുടർന്ന പഞ്ചാബിന് നിശ്ചിത ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 139 റൺ എടുക്കാനെ കഴിഞ്ഞുള്ളൂ. രണ്ടാം മത്സരത്തിൽ ടോസ് നേടിയ ലക്നൗ സൂപ്പർ ജയന്റ്സ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ബാറ്റിങ്ങിനയച്ചു. ലഖ്നൗവിലാണ് മത്സരം.

&&&&&&&&&&&&&

## INDIA - BANGLADESH CRICKET

ഇന്ത്യ - ബംഗ്ലാദേശ് വനിതാ ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ നടക്കും. വൈകിട്ട് 3 30 ന് ബംഗ്ലാദേശിലെ സിൽഹെട് സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ചു മത്സരങ്ങളിൽ ആദ്യ മൂന്ന് മത്സരങ്ങളും വിജയിച്ച് ഇന്ത്യ പരമ്പര സ്വന്തമാക്കിയിരുന്നു.

&&&&&&&&&&&&&

## HIGH JUMP- USATF

യു.എസി. ലെ ടക്സണിൽ നടക്കുന്ന U S A T F ഫെസ്റ്റിവെലിൽ, പുരുഷന്മാരുടെ ഹൈജമ്പ് ഇനത്തിൽ ഇന്ത്യയുടെ തേജസ്വിൻ ശങ്കറിന് ജയം. ലോക അത്‌ലറ്റിക്സ് കോണ്ടിനെൻറൽ ടൂർ - സിൽവർ ഇവൻറിൽ ഒന്നാം സ്ഥാനം നേടാനുള്ള തൻറെ ആദ്യ

ശ്രമത്തിൽ തന്നെ ദേശീയ റെക്കോർഡ് ഉടമയായ തേജസ്വിൻ 2.23 മീറ്ററിൽ വിജയം കണ്ടു. അമേരിക്കയുടെ എർണി സിയേഴ്സ് രണ്ടാം സ്ഥാനവും മെക്സിക്കോയുടെ റോബർട്ടോ വിൽച്ചസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

&&&&&&&&&&&&&&

## CHHATTISGARH MAOISTS SURRENDER

ഛത്തീസ്ഘഡിലെ ദന്തേവാഡ ജില്ലയിൽ 35 മാവോയിസ്റ്റുകൾ കീഴടങ്ങി. സി.ആർ.പി.എഫിലേയും പോലീസിലേയും മുതിർന്ന ഉദ്യോഗസ്ഥർക്ക് മുമ്പാകെയാണ് ഇവർ കീഴടങ്ങിയത്. നിരവധി നക്സലേറ്റ് കേസുകളിൽ കീഴടങ്ങിയ മാവോയിസ്റ്റുകൾക്ക് പങ്കുണ്ട്.

&&&&&&&&&&&&&&

## IMD WEATHER

രാജ്യത്തിൻറെ കിഴക്കൻ ഭാഗങ്ങളിൽ ഇന്നും ദക്ഷിണേന്ത്യയിൽ നാളെ വരെയും ഉഷ്ണതരംഗം തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. തമിഴ്നാട്, റായൽസീമ, തെലങ്കാന, വിദർഭ എന്നിവിടങ്ങളിൽ ഇന്നും നാളെയും കർണാടകയുടെ ഉൾപ്രദേശങ്ങളിൽ ഈ മാസം 7 വരെയും ഉഷ്ണതതരംഗം അനുഭവപ്പെടും. ചൊവ്വാഴ്ച വരെ വടക്കു-കിഴക്കൻ ഇന്ത്യയിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുള്ളതായും കാലാവസ്ഥാവകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&

## KERALA TEMPERATURE

കേരളത്തിൽ ചൊവ്വാഴ്ച വരെ ഉയർന്ന ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വിവിധ ജില്ലകളിൽ അന്തരീക്ഷ താപനില സാധാരണയെക്കാൾ 2 മുതൽ 4°C വരെ ഉയരാൻ സാധ്യതയെന്നാണ് മുന്നറിയിപ്പ്. ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ ചില പ്രദേശങ്ങളിൽ ഇന്ന് രാത്രി ചൂട് കൂടുമെന്നും അറിയിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## HEADLINE 5

## SEASWELL

കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് കേരളത്തിൻറെ വിവിധ തീരപ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷം. തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങിലും, വിഴിഞ്ഞത്തും, കൂടാതെ കൊല്ലം ജില്ലയിലെ വിവിധയിടങ്ങളിലുമാണ് കടലാക്രമണം രൂക്ഷമായത്. തീരദേശത്തെ വീടുകൾ ഭാഗികമായി തകരുകയും ചില വീടുകളിൽ വെള്ളം കയറുകയും ചെയ്തു. ഇന്ന് രാത്രി 10 .30 വരെ കള്ളക്കടൽ പ്രതിഭാസം തുടരുമെന്നാണ് സമുദ്ര സ്ഥിതി പഠന കേന്ദ്രത്തിൻറെ മുന്നറിയിപ്പ്.

&&&&&&&&&&&&&&&

## BRAZIL FLOODS DEATH TOLL

തെക്കൻ ബ്രസീലിൽ ഉണ്ടായ കനത്ത മഴയിൽ മരിച്ചവരുടെ എണ്ണം 60 ആയി. 67 ഓളം പേരെ കാണാതായി. ആയിരക്കണക്കിന് ആളുകൾ ഇപ്പോഴും ഒറ്റപ്പെട്ട അവസ്ഥയിലാണ്. 23,000-ത്തിലധികം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. മേഖലയിൽ 80 വർഷത്തിനിടെ ഉണ്ടായ ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് ഇതെന്ന് ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി.

&&&&&&&&&&&&&&&

## NEET EXAM

മെഡിക്കൽ, ദന്തൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ദേശീയ പ്രവേശന പരീക്ഷയായ നീറ്റ് ഇന്ന് നടന്നു. ഉച്ചയ്ക്ക് 2 മുതൽ 5.20 വരെയായിരുന്നു പരീക്ഷ. ഇത്തവണ 24 ലക്ഷത്തിലേറെ വിദ്യാർത്ഥികളാണ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരുന്നത്. രാജ്യത്തെ 557 നഗരങ്ങളിലും 14 വിദേശ നഗരങ്ങളിലുമായിട്ടാണ് പരീക്ഷ നടന്നത്. അടുത്തമാസം 14 ന് ഫലം പ്രഖ്യാപിക്കും.

&&&&&&&&&&&&&

&&&&&&&

&&&